# അഹ്ലുൽ ബൈത്തിന്റെ മൻഹജ്

## വീക്ഷണവും പ്രയോഗവും - ഭാഗം 2

**ഗ്രന്ഥകർത്താവ്:** ഇമാം മുഹിബ്ബുദ്ദീൻ അബ്ബാസ് അൽകാളിമി
**ഗ്രന്ഥം:** ശിയാ ലോകത്തിലൂടെ ഒരു യാത്ര
**വിവർത്തനം:** കബീർ എം. പറളി

**ഇസ്‌ലാം സമഗ്രവും സന്തുലിതവുമായ നിയമസംഹിത**

സമഗ്രവും സന്തുലിതവുമായ ഒരു മഹൽ നിയമ സംഹിതയായാണ് ഇസ്‌ലാം കടന്നുവന്നത്. മനുഷ്യനും അവന്റെ റബ്ബുമായുള്ള ബന്ധത്തെയും, താനും തന്റെ സമൂഹവുമായുള്ള കടപ്പാടുകളെയും വ്യവസ്ഥപെടുത്തുന്ന തത്വസംഹിതയാണത്. പടച്ച തമ്പുരാനോടുള്ള ബാധ്യതകളെയും അവന്നു വേണ്ടി നിർവഹിക്കേണ്ട ആരാധനകളേയും, അത് ചിട്ടപ്പെടുത്തി നൽകുന്നു. വ്യക്തികൾക്കും സമൂഹത്തിനും, സാമൂഹ്യ സ്ഥാപനങ്ങൾക്കും നന്മചെയ്യാനുള്ള മാർഗനിർദ്ദേശങ്ങൾ അതിലുണ്ട്. മാത്രമല്ല, സ്വന്തത്തോടു പോലും പാലിക്കേണ്ടതും സ്വീകരിക്കേണ്ടതുമായ നിയമാവലികൾ ഏറ്റക്കുറച്ചിലുകളില്ലാത്ത വിധം കൃത്യമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന് തൃപ്തിയും, തനിക്കും സമൂഹത്തിന്നും സ്ഥൈര്യവുമേകുന്ന ഈടുറ്റ, ഇഴ ചേർന്ന നിയമ സംഹിതയുടെ സംരക്ഷണത്തിൽ ഇഹപരലോകങ്ങളിലെ പാവന ജീവിതത്തിന് ഇസ്‌ലാം സൗകര്യമൊരുക്കുന്നു എന്നർത്ഥം. അതാണു പ്രവാചകൻ പറഞ്ഞത്. നിന്റെ റബ്ബിനോട് നിനക്ക് ബാധ്യതയുണ്ട്. നിന്റെ ഭാര്യയോടും നിന്നോടു തന്നെയും നിനക്കു ബാധ്യതയുണ്ട്.

മനുഷ്യൻ പാലിക്കേണ്ട പ്രസ്തുത ബാധ്യതകളേതൊക്കെയാണെന്ന് നമ്മുടെ ദീൻ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്നും അവനനല്ലാത്തവയെ ആരാധിക്കുന്നതിൽ നിന്നു അകന്നു നിൽക്കണമെന്നും, അല്ലാഹുവിനെ കൂടാതെയുള്ളവരോട് പ്രാർത്ഥിച്ചും, ഇസ്തിഗാസ ചെയ്തും, അഭയം തേടിയും, ഭയന്നും, പ്രതീക്ഷവെച്ചും അവരിലേക്ക് സാമീപ്യം കൊതിക്കരുതെന്നും ഇസ്‌ലാം വിശദമാക്കിയ കാര്യമാണ്.

ഇസ്‌ലാം അഞ്ചുനേരത്തെ നമസ്കാരം നിർബന്ധമാക്കി. അതിന്റെ സമയം നിർണ്ണയിച്ചു തന്നു. നോമ്പും സകാത്തും ഹജ്ജും നിർവഹിക്കേണ്ട ബാധ്യതകളായി പഠിപ്പിച്ചു. പള്ളികളുണ്ടാക്കാനും അവയെ പരിപാലിക്കാനും കല്പിച്ചു. ദിക്റുകൾ ചൊല്ലുക, ഖുർആൻ പാരായണം നടത്തുകയും ആയത്തുകളെ സംബന്ധിച്ച് ഉറ്റാലോചിക്കുകയും ചെയ്യുക. അവയുടെ താത്പര്യത്തിനനുസരിച്ച് ജീവിക്കുക തുടങ്ങിയവ മതനിയമങ്ങളാക്കി പറഞ്ഞു തന്നു. അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദും അവനിലേക്കുള്ള ദഅ്‌വത്തും ഇസ്‌ലാമിന്റെ അത്യുന്നത ധർമങ്ങളായി പഠിപ്പിക്കുകയും ചെയ്തു.

ഈ സകലമാന ഇബാദത്തുകളുടെയും അടിത്തറ ഹൃദയത്തിലെ ആത്മാർത്ഥതയും, സത്യസന്ധതയും, ഭക്തിയും, ഭയവും, സ്നേഹവും, പ്രതീക്ഷയും, തവക്കുലും, യഖീനും എല്ലാമായിരിക്കണമെന്ന് റബ്ബ് സുബ്ആനഹു വ തആല വ്യക്തമാക്കിതന്നിട്ടുണ്ട്.

അടുത്ത കുടുംബകാർക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കും ധർമ്മം ചെയ്യാൻ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അയൽവാസിക്കു നന്മ ചെയ്യാനും സകലരോടും സൗഹൃദബന്ധം നിലനിർത്താനും കൃത്യമായി ഉത്ബോധിപ്പിച്ച മതമാണിത്.

കുടുംബജീവിതത്തിന്ന് നിയമം നിശ്ചയിച്ചു തരികയും വിവാഹ ബന്ധം നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട് ഇസ്‌ലാം. വ്യഭിചാരം നിഷിദ്ധമാണെന്ന് അത് നിഷ്കർഷിക്കുന്നു. ഇണക്ക

പിണക്കങ്ങളിൽ ഭാര്യാ ഭർത്താക്കൾ പാലിക്കേണ്ട ബാധ്യതകളെപ്പറ്റിയും ഇസ്‌ലാം വ്യക്തമാക്കിയിട്ടുണ്ട്. സന്താന പരിപാലനത്തിന് അത് പ്രോത്സാഹനം നൽകുന്നു. മാതാപിതാക്കളോട് മക്കൾ കാണിക്കേണ്ട നന്മയും ഗുണകാംക്ഷയും ചേർത്തു പറയപ്പെട്ടിട്ടുള്ളത് ഇസ്‌ലാമിന്റെ അടിസ്ഥാന ആശയത്തോടൊപ്പമാണ്. അഥവാ അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന തൗഹീദിനോടൊപ്പം. വാക്കുകളിലെ സത്യസന്ധത, കരാറു പാലനം, അനാവശ്യദൃശ്യങ്ങളിൽ നിന്ന് കണ്ണിനെ സൂക്ഷിക്കൽ, അഭിമാനജീവിതം, ലൈംഗിക പരിശുദ്ധി എന്നിവയെല്ലാം ഇസ്‌ലാമിന്റെ താത്പര്യങ്ങളാണ്. കച്ചവടത്തെ അനുവദനീയമാക്കിയ ഇസ്‌ലാം പലിശയെയും, കൊള്ളക്കൊടുക്കലുകളിലെ വഞ്ചനയെയും നിഷിദ്ധമാക്കിയിട്ടുണ്ട്. ഭക്തിയിലും പുണ്യത്തിലും പരമാവധി സഹകരിക്കാനും വിട്ടുവീഴ്ച കാണിക്കാനുമാണ് ഇസ്‌ലാം മനുഷ്യരെ പ്രേരിപ്പിക്കുന്നത്.

എങ്ങനെ വൃത്തിയാകണം, ഏതു നിലക്കുള്ള വേഷഭൂഷണങ്ങളണിയണം, എന്തൊക്കെ ഭക്ഷിക്കണം, എങ്ങനെ ഉറങ്ങണം തുടങ്ങിയ ചെറതും വലുതുമായ ഒട്ടനവധി കാര്യങ്ങൾ ഇസ്‌ലാം വിശ്വാസിയെ പഠിപ്പിക്കുന്നുണ്ട്.

സാധാരണ ജീവിതത്തിലെ പൊതുവായ കാര്യങ്ങളാകട്ടെ ഭാഗികമായ കാര്യങ്ങളാകട്ടെ അവക്കെല്ലാം നിയമം നിശ്ചയിച്ചു കൊണ്ടാണ് ഇസ്‌ലാം നിൽക്കുന്നത്. കാർഷിക, സാങ്കേതിക, വിദ്യഭ്യാസ, ആരോഗ്യ, സൈനിക മേഖലകളിലേക്കൊക്കെ അനുയോജ്യമായ നിയമങ്ങൾ ഇസ്‌ലാമിന്റെ കൈവശമുണ്ട്.

മേൽരംഗങ്ങളിലൊക്കെ നിർദ്ദേശിക്കപ്പെട്ട നിയമങ്ങളും നിർദ്ദേശങ്ങളും അല്ലാഹു ആവശ്യപ്പെട്ട വിധം നിർവഹിക്കപ്പെടുകയാണെങ്കിൽ വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതാവസ്ഥകളിൽ നന്മകൾ നിറഞ്ഞു നിൽക്കും എന്ന കാര്യത്തിൽ സംശയമില്ല.

എന്നാൽ ഇസ്‌ലാം നിശ്ചയിച്ച ഈ സന്തുലിതാവസ്ഥക്ക് ഭംഗം വരികയോ, വിടവുകൾ വീഴുകയോ ചെയ്താൽ, അല്ലാഹുവിനോടും സമൂഹത്തിനോടും കാണിക്കേണ്ട ധർമ്മങ്ങൾക്ക് വിരുദ്ധം പ്രവർത്തിക്കാൻ താന്തോന്നിത്തവും ദേഹേച്ഛകളും കാരണമാകുകയും ചെയ്താൽ ഈ സുന്ദര നിയമങ്ങൾ തന്നെ വ്യാപകമായ പ്രശ്നങ്ങൾക്കും സമൂഹത്തിന്റെ നാശത്തിനും ഹേതുവായിതീരും. അല്ലാഹു പറഞ്ഞതെത്ര ശരി. ''മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതു നിമിത്തം കടലിലും കരയിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു''. (റൂം 41)

ഇസ്‌ലാം ഈ മഹത്തായ നിയമങ്ങളൊക്കെ നൽകുമ്പോൾ ഓരോ മുസ്‌ലിമിനോടും ആവശ്യപെടുന്നത് അല്ലാഹുവിനോടും, സമൂഹത്തോടും നിവൃത്തിക്കേണ്ട കടപ്പാടുകളൊക്കെ കഴിയുന്നത്ര കണ്ട് പാലിക്കാനാണ്. അതിനു വേണ്ടി ഒരുപാട് പ്രോത്സാഹനം നൽകുന്നുണ്ട് ഇസ്‌ലാം.

അതേ സമയം, ജീവിതത്തിൽ മിതത്വം കാട്ടാനും ആഡംബര വിരക്തി ശീലിക്കാനും, എന്നാൽ അതിൽ അതിരു കവിയാതിരിക്കാനും ഇസ്‌ലാം മുസൽമാനെ ആഹ്വാനം ചെയ്തിട്ടുണ്ട്. കാരണം ആഢംബര വിരക്തിയും സന്യാസവും രണ്ട് വിരുദ്ധകാര്യങ്ങളാണ്.

അല്ലാഹുവിനോടും സമൂഹത്തോടുമുള്ള ബാധ്യതകളെ ഇസ്‌ലാം രണ്ടായി വിഭജിച്ചതു കാണാനാവും.

ഒന്ന്. വാജിബ്, ഇത് നിശ്ചയിച്ച നിലയിലല്ലാതെ ധാരാളം ചെയ്യൽ അനുവദനീയമല്ല.

രണ്ട്. മുസ്തഹബ്ബ്. ധാരാളം ചെയ്യാൻ പ്രോത്സാഹിപ്പിക്കപ്പെട്ട, അതിനനുസരിച്ച് പ്രതിഫലം നിശ്ചയിക്കപ്പെട്ട ഐച്ഛിക കർമമാണിത്.

മറ്റൊരർഥത്തിൽ പറഞ്ഞാൽ, വ്യത്യസ്തമായ രണ്ടു നിലക്കാണ് മതശാസനകൾ നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത്. അഥവാ അഞ്ചുനേരത്തെ നമസ്കാരവും റമദാനിലെ നോമ്പും ഇസ്‌ലാമിൽ നിർബന്ധമാണ്. അവ അതതുകളുടെ അളവിനേക്കാൾ കൂടുതൽ നിർവഹിച്ചു കൂടാ. എന്നാൽ കൂടുതൽ നിർവഹിക്കാൻ പ്രോത്സാഹിക്കപ്പെട്ട ഐച്ഛിക നമസ്കാരങ്ങളും നോമ്പുകളും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ടുതാനും. മാതാപിതാക്കളെ അനുസരിക്കാനും അവർക്ക് നന്മ ചെയ്യാനും അനുശാസിക്കുന്ന ഇസ്‌ലാം വ്യക്തിയുടെ സാമൂഹ്യബാധ്യതയായി സകാത്തിനെ നിർബന്ധമാക്കിയിട്ടുണ്ട്. അതേ സമയം ധാരാളം സ്വദഖകളും ഭക്ഷണ വിഭവങ്ങളും നൽകാനും അത് ആവശ്യപ്പെടുന്നുണ്ട്. നമസ്കാരമെന്ന ആരാധനയേയും നേർച്ച മൃഗത്തെ അറുത്ത് അതിന്റെ മാംസം ഭക്ഷിപ്പിക്കുന്നതിനേയും അടുത്തടുത്താണ് ഖുർആൻ വ്യക്തമാക്കിയത്, 'ആകയാൽ നീ നിന്റെ രക്ഷിതാവിനു വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക'.(കൗസർ: 2)

ചാരിത്ര്യശുദ്ധി സംരക്ഷിക്കാനും, അനാവശ്യങ്ങളിൽ നിന്നും ദൃഷ്ടി താഴ്ത്താനും, ലൈംഗിക സദാചാരം നിലനിർത്താനും ഓരോ വ്യക്തിയോടും ഇസ്ലാം കൽപ്പിക്കുന്നുണ്ട്. നൈമിഷികമായ വികാര പൂർത്തീകരണത്തേക്കാൾ വിശുദ്ധവും ഉന്നതവുമായ നിയമമാണ് വിവാഹത്തിലൂടെ ഇസ്ലാം കാഴ്ചവെച്ചിട്ടുള്ളത്. അല്ലാഹു പറഞ്ഞതാണ് ശരി. 'സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവിനെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ' (അഹ്സാബ്: 41,42)

'നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു.' (തഗാബുൻ :15)

'സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമ്മങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും.' (കഹ്ഫ്: 46)

അല്ലാഹുവിനെ കുറിച്ചുള്ള സ്മരണകൾ അധികരിപ്പിക്കാനും, മക്കളും സമ്പത്തും ഏതു നിമിഷവും നീങ്ങിപ്പോയേക്കാവുന്ന ലൗകിക വിഭവങ്ങളാകുന്നു എന്നു മനസിലാക്കി ജാഗ്രത കാണിക്കാനുമാണ് മേൽ സൂചിത വചനങ്ങൾ നിർദ്ദേശിക്കുന്നത്.

സൃഷ്ടികളോട് കൽപിക്കപ്പെട്ടിട്ടുള്ള ഇബാദത്തുകളിലും ഇഹ്സാനിലും മതിയായ പ്രോത്സാഹനവും വിശാലതയും ഇസ്ലാം നൽകുമ്പോൾ, ശാരീരികേച്ഛകളുടേയും സമ്പത്തിന്റെയും സുഖലോലുപതയുടെയും കാര്യത്തിൽ വിരക്തിയും സൂക്ഷ്മതയുമാണ് അത് ആവശ്യപ്പെടുന്നത്. ആദ്യ വിഭാഗത്തിൽ വാജിബിന്റേയും മുസ്തഹബിന്റേയും നിയമമാണുള്ളതെങ്കിൽ രണ്ടാമത്തേതിൽ മുബാഹിന്റേയും (അനുവദനീയം) മക്റൂഹിന്റെയും (വെറുക്കപ്പെട്ടത്) ഇടയിലെ സംശയത്തിന്റെ നിഴലാണുള്ളത്. ഒന്നാമത്തേതിന്റെ ഗ്രാഫ് കുത്തനെ ഉയരുമ്പോൾ, രണ്ടാമത്തേതിന്റേത് ഹറാമോളം താഴോട്ട് കുത്തനെ താഴുകയാണു ചെയ്യുക എന്നർത്ഥം.

ഇതാണ് അല്ലാഹു തന്റെ ദാസന്മാർക്ക് തൃപ്തിപ്പെട്ട മതം. മറ്റുള്ളതെല്ലാം മനുഷ്യ നിർമ്മിത നിയമങ്ങളും അവരുടെ ഗവേഷണ ഫലങ്ങളുമാണ്.

**കുടിയേറ്റ മതത്തിന്റെ നിയമസംഹിത**

ശിയാ ഭൂമികയിൽ നിന്നുകൊണ്ടുള്ള എന്റെ ദീർഘകാല പഠനത്തിന്റെയും പലരുമായുള്ള സംവാദങ്ങുടേയും ഒടുവിൽ എനിക്കു മനസിലായത് കയ്പേറിയ, ഖേദകരമായ ചില യാഥാർത്ഥ്യങ്ങളാണ്. നാമിന്ന് പരിശീലിച്ചു കൊണ്ടിരിക്കുന്ന മതവും സാക്ഷാൽ പടച്ച തമ്പുരാന്റെ നിയമസംഹിതയും തമ്മിൽ സമൂലമായ വ്യത്യാസമാണുള്ളത് എന്നതാണ് അവയിൽ മുഖ്യം.

ചുരുക്കിപ്പറഞ്ഞാൽ, നാമിന്നാചരിക്കുന്ന മതം, ശിയാ സഹോദരങ്ങളേ, തീർത്തും മറ്റൊരു മതമാണ്. ഐഹികമായ സുഖാഢംബരങ്ങളിലും, ലൈംഗികത, ധനം തുടങ്ങിയവയോടുള്ള അത്യാർത്തികളിലും മാത്രമാണിതിന്റെ ശ്രദ്ധ. വിശുദ്ധ ഇസ്ലാമിന്റെ നിയമസംഹിതക്ക് ഈ സമാന്തരമതം കുറച്ചൊന്നുമല്ല അസ്വസ്ഥതകളും അങ്കലാപ്പുകളും ഉണ്ടാക്കിയിട്ടുള്ളത്. അല്ലാഹുവിനോടും സമൂഹത്തോടുമുള്ള സകലമാന ബാധ്യതകളേയും അതിശയകരമാംവിധം അതിജയിച്ചു നിൽക്കുകയാണ് ആഢംബര പ്രമത്തതയും ധനാഭിമുഖ്യവും. ഇത് ആധികാരിക ശിയായിസമല്ലെന്ന്, ഒരു സാധാരണ ബുദ്ധിയുള്ളവൻ ചിന്തിച്ചാൽതന്നെ വേഗത്തിൽ മനസിലാക്കാനാകും. ഇതിനെ അല്ലാഹുവിൽ നിന്നവതരിച്ച ദീനായി ഉൾക്കൊള്ളാൻ അവന്നു പ്രയാസമായിരിക്കും.

ഇന്നു കാണുന്ന ഈ പ്രവണതകൾക്കൊക്കെ ശിയായിസം എന്നു തന്നെ അന്യായമായി പേരുവെക്കണമെന്നുണ്ടെങ്കിൽ, അതിനു മുന്നിൽ കുടിയേറ്റ എന്നു കൂടി ചേർക്കുന്നതാണു നല്ലത്. ഒറിജിനൽ ശിയായിസത്തെ വേറിട്ടു മനസിലാക്കാൻ അതുപകരിക്കും.

ഈ കുടിയേറ്റ മതം, ഇബാദത്തുകളുടെയും സദ്കർമ്മങ്ങളുടെയും കാര്യത്തിൽ സങ്കുചിതത്വവും കഞ്ഞിത്തരവും കാണിക്കുമ്പോൾ, പണത്തിന്റെയും ലൈംഗികതയുടെയും കാര്യത്തിൽ തികഞ്ഞ വിശാലതയും വിട്ടുവീഴ്ചയുമാണ് കാട്ടുന്നത്.

ഈ ദീൻ അഹ്ലുൽ ബൈത്തിന്റെ മൻഹജാകാൻ തരമില്ല. ഇതിനെ നാം ശിയായിസമെന്നു പറയുന്നതു തന്നെ അതിരുവിട്ട അപരാധമാണ്.

ഇസ്ലാം അനുശാസിച്ചതോ, അല്ലാത്തതോ ആയ ആരാധനാ കർമ്മങ്ങൾക്കും, തീറ്റ, കുടി, പണം, സെക്സ് തുടങ്ങിയവക്കുമിടയിൽ പാലം പണിതവരാണ് ഈ ദീനിന്റെ നേതാക്കളും അതിന്റെ ഉപയോക്താക്കളും. ഹറാമിലേക്കു ചെന്നു ചാടാൻ പാകത്തിൽ രണ്ടു വാതിൽ പാളികളും അവർ തുറന്നിട്ടിരിക്കുകയാണ്. എല്ലാ സാഹചര്യങ്ങളും തയ്യാർ. ദുർബലമായ വരമ്പുകൾ മാത്രം. അതിലേക്കെത്താനുള്ള എല്ലാ സോഴ്സുകളും മതിയായത്ര സമൃദ്ധമാണ്. ഏറ്റവും വലിയ പാതകം പോലും നിസാര കാരണങ്ങൾ കൊണ്ടും ഒഴികഴിവുകൾ കൊണ്ടും പൊറുത്തു കിട്ടുമെന്ന ധാരണ തങ്ങളുടെ അനുയായികളിലുണ്ടാക്കാൻ അവർക്കു സാധിച്ചിട്ടുണ്ട് എന്നതാണു വാസ്തവം.

എന്തെല്ലാം ദുരന്തങ്ങളാണ് ഇതിന്റെ നിർബന്ധ പരിണിതിയെന്നോളം സമൂഹത്തിൽ ഉണ്ടായിത്തീർന്നത്. പണത്തിലും, ലൈംഗികരാചകത്വത്തിലും, ലൗകിക വിഭവങ്ങളിലും നിലകൊള്ളുന്നതായി ഇസ്ലാമിക ആരാധനകൾ, തന്നിഷ്ടങ്ങൾക്കു വേണ്ടി എത്രയോ ദീനി കർമങ്ങളെ അവർ ഒഴിവാക്കുകയോ ലഘൂകരിക്കുകയോ ചെയ്തു. അവശേഷിച്ചവയെപ്പോലും ധനസമ്പാദനത്തിനും ലൈംഗികാസ്വാദനത്തിനും പറ്റിയ കെണിയായാണ് അവർ ഉപയോഗപ്പെടുത്തുന്നത്.

സെക്സിലും പണത്തിലും വിശാലത കാട്ടുക, ആരാധനകളിൽ സങ്കുചിതത്വം പാലിക്കുക എന്ന ഇവരുടെ അടിസ്ഥാന നിയമം ഞാൻ ഏറെ പരിചയിച്ചവനാണ്. എന്റെ കൂടെ വരിക, അടുത്ത അദ്ധ്യായത്തിൽ സംക്ഷിപ്തമായി ഞാനതു വിശദീകരിക്കുന്നുണ്ട്.

(തുടരും)